പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 3000

28.01.2014 ൽ
മറുപടിക്ക്

## അനധികൃത മണൽ വാരൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) അനധികൃതമണൽ വാരൽ പിടികൂടാനെത്തുന്ന ഉദ്യോഗസ്ഥരെ കൈയ്യേറ്റം ചെയ്യുകയും ആക്രമിക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ജില്ലകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ചവടെ ചേർക്കുന്നു<br>കൊല്ലം - 2<br>കോട്ടയം - 1<br>ഇടുക്കി - 2<br>എറണാകുളം - 4<br>മലപ്പുറം - 5<br>കോഴിക്കോട് - 6<br>കണ്ണൂർ - 7<br>കാസർഗോഡ് - 1<br>മറ്റു ജില്ലകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) റവന്യൂ വകുപ്പിന്റെ മണൽ വാരൽ സ്ക്വാഡിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ അനധികൃത മണൽ വാരൽ അഴിമതിയുമായി ബന്ധപ്പെട്ട് ശിക്ഷാ നടപടികൾക്ക് വിധേയമായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) കോഴിക്കോട് ജില്ലയിൽ അനധികൃത മണൽ കടത്തിനിടയിൽ പിടികൂടിയ വാഹനം ഉത്തരവില്ലാതെ വിട്ടുകൊടുത്തതുമായി ബന്ധപ്പെട്ട് കൊയിലാണ്ടി താലൂക്ക് ഓഫീസിലെ ഒരു ഡെപ്യൂട്ടി തഹസീൽദാർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിരുന്നു. മറ്റു ജില്ലകളിൽ മണൽ വാരൽ അഴിമതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ശിക്ഷാ നടപടികൾക്ക് വിധേയമായിട്ടില്ല. |

(സി) ശിക്ഷാ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇവർ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ?

(സി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കാഫീസിലെ ഒരു ഡെപ്യൂട്ടി തഹസീൽദാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹം കോഴിക്കോട് കൊയിലാണ്ടി, വടകര എന്നീ താലൂക്കാഫീസുകളിൽ ജോലി ചെയ്തിരുന്നു.

Sreekala T P

സെക്ഷൻ ഓഫീസർ